**<u>എറണാകുളം തദ്ദേശ സ്വയംഭരണവകുപ്പ് ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ: ശ്രീ പ്രദീപ്കുമാർ വി.) )**

തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം – വെങ്ങോല ഗ്രാമപഞ്ചായത്ത് പരിധിയിലെ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് ലൈസൻസ്ഡ് സൂപ്പർവൈസർ ശ്രീമതി. ഡിംബിൾ വി.ജെ.യുടെ **G6-1852/15/2048/EA** നമ്പർ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

LSGD/JD/EKM/1072/2024-F4 തീയതി : 27.06.2024

==========================================================================

പരാമർശം:- 1) സർക്കാരിന്റെ 07/042021 ലെ RB 1/112/2021-ത.സ്വ.ഭ.വകത്ത്
2) കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫീസിലെ G5/G6 - 1559/21 നമ്പർ ഫയൽ
3) ലൈസൽസി ശ്രീമതി. ഡിംബിൾ വി.ജെക്കു 22.04.2024ൽ നൽകിയ ഹിയറിംഗ് നോട്ടീസ്.
4. ശ്രീ ഷാജി മുതൽ നാല് പേർ സമർപ്പിച്ചിട്ടുള്ള പരാതി.

**<u>ഉത്തരവ്</u>**

ഏറണാകുളം ജില്ലയിലെ വെങ്ങോല ഗ്രാമ പഞ്ചായത്തിൽ പാം പ്ലൈവുഡ് എന്ന സ്ഥാപനം അനധികൃത നിർമ്മാണമായതിനാൽ, ആയത് ക്രമവൽക്കരിച്ചു നൽകാൻ കഴിയാത്ത കെട്ടിടമായിരിന്നിട്ടും ടി കെട്ടിടം ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ടെന്നും ടി ക്രമവൽക്കരണത്തിൽ ഗുരുതരമായ പിശകുകൾ ഉണ്ടെന്നും ആയതിനു ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ ഉൾപ്പെട്ട ലൈസൻസിയായ ശ്രീമതി ഡിംബിൾ വി.ജെ (G6/1852/15/2048/EA) എന്നയാൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനു 07/042021 ലെ RB 1/112/2021-ത.സ്വ.ഭ.വകത്ത് മുഖേന പ്രിൻസിപ്പൽ സെക്രട്ടറി നിർദേശിചിട്ടുള്ളതിനാൽ ടിയാരിക്കെതിരെ നടപടി എടുക്കുന്നതിനായാണ് ശ്രീ ഷാജി മുതൽ നാല് പേർ പരാതി സമർപ്പിച്ചിട്ടുള്ളത് .

പരാമർശം-2 പ്രകാരം കൊച്ചി റീജിയണൽജോയിന്റ് ഡയറക്ടർ ഓഫീസിൽ നിന്നും ഈ ഓഫീസിലേക്ക് കൈമാറി കിട്ടിയ G5/G6 - 1559/21 നമ്പർ ഫയലിന്റെ നോട്ട് പ്രകാരം ശ്രീമതി ഡിംബിൾ എന്ന ലൈസൻസിക്കെതിരെ ഇതേ വിഷയത്തിൽ കൊച്ചി R J D ഓഫീസിൽ ഇതേ വിഷയത്തിൽ നടപടി നിലനിന്നിരുന്നതായും നിരവധി തവണ ടി ലൈസൻസിയോട് നേരിട്ട് ഹാജരാകുവാൻ അറിയിപ്പ് കൊടുത്തിട്ടും ടിയാൾ ഹാജരായിട്ടില്ലാത്തതാണെന്നു കാണുന്നു .

പരാമർശം-1, 4 എന്നിവ പ്രകാരം ശ്രീമതി .ഡിംബിൾ വി.ജെ. (G6/1852/15/2048/EA) എന്നയാൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനു 07/042021 ലെ RB 1/112/2021-ത.സ്വ.ഭ.വകത്ത് മുഖേന പ്രിൻസിപ്പൽ സെക്രട്ടറി നിർദേശവും, ശ്രീ ഷാജി മുതൽ നാല് പേരുടെ പരാതിയുടെ അടിസ്ഥാനത്തിൽ ശ്രീമതി ഡിംബിൾ എന്ന ലൈസൻസിയോട് നേരിട്ട് ഹാജരാകുന്നതിനു സൂചന-3 പ്രകാരം അറിയിപ്പ് നൽകിയിരുന്നു.എന്നാൽ ശ്രീമതി ഡിംബിൾ V.J(G6/1852/15/2048/EA) ഓഫീസിൽ ഹാജരായിട്ടില്ലാത്തതാണ്.

ലൈസൻസിയെ നേരിട്ട് കേൾക്കുന്നതിനു ഈ ഓഫീസിൽ നിന്നും കൂടാതെ കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫീസിൽ നിന്നും കത്ത് അയച്ചിരുന്നെങ്കിലും ടിയാരി ഹാജരായിട്ടില്ലാത്തതാണ്. കെ.എം.ബി.ആർ 2019 ചട്ടം-18 പ്രകാരം പ്ലാനിലും ഡ്രോയിംഗിലും

വിവരങ്ങളിലും സർട്ടിഫിക്കറ്റ് നൽകുകയോ ഒപ്പുവക്കുകയോ ചെയ്യുന്ന ആൾ ആ സർട്ടിഫിക്കറ്റിലും പ്ലാനിലും ഡ്രോയിംഗിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ കുറ്റമില്ലായ്മക്കും സത്യാവസ്ഥക്കും ഉത്തരവാദി ആയിരിക്കുന്നതാണ്. വെങ്ങോല ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച ക്രമവത്ക്കരണ പ്ലാൻ ചട്ടങ്ങൾ പാലിക്കാതെയാണെന്നുള്ളതും കൂടാതെ തന്റെ ഭാഗം വിശദീകരിക്കുന്നതിന് നോട്ടീസ് നൽകിയിട്ടും ഹാജരാവാതിരുന്നതും ടിയാരിയുടെ അനാസ്ഥ തെളിയിക്കുന്നതാണ്.

മേൽ സാഹചര്യത്തിൽ പരാമർശം-1ന്റേയും കെ.എം.ബി.ആർ 2019 ചട്ടം-18 പാലിക്കാത്തതിന്റേയും അടിസ്ഥാനത്തിൽ ലൈസൻസ്ഡ് സൂപ്പർവൈസർ-എ രജിസ്ട്രേഷൻ ഹോൾഡർ ശ്രീമതി. ഡിംബിൾ വി.ജെ. എന്നയാളുടെ G6-1852/15/2048/EA നമ്പർ രജിസ്ട്രേഷൻ ഉത്തരവ് തീയതി മുതൽ 6 മാസത്തേക്ക് സസ്പെന്റ് ചെയ്യും സസ്പെൻഷൻ ഉത്തരവ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ഈ ഓഫീസിൽ നേരിട്ട് ഹാജരായില്ലെങ്കിൽ ടിയാൾ ഭാവിയിൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഏതെങ്കിലും രീതിയിൽ പ്രവർത്തിക്കുന്നതിന് കെ.എം.ബി.ആർ. ചട്ടം 19 (11) ഉപചട്ടം-9 പ്രകാരം ശ്രീമതി ഡിംബിൾ അയോഗ്യയായിരിക്കുമെന്ന് ഇതിനാൽ ഉത്തരവാകുന്നു.

Signed by
Pradeepkumar V
Date: 01-07-2024 15:39:21

ജോയിന്റ് ഡയറക്ടർ
തദ്ദേശസ്വയംഭരണവകുപ്പ്
എറണാകുളം

പകർപ്പ് :ശ്രീമതി ഡിംബിൾ വി.ജെ.
വെമ്പ്ലിയത്ത് ഹൌസ്
നസ്രത്ത് നഗർ
അങ്കമാലി സൌത്ത് പി.ഒ.
പിൻ-683573 (സസ്പെൻഷൻ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി ഒറിജിനൽ ലൈസൻസ് 7 ദിവസത്തിനുള്ളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ഹാജരാക്കേണ്ടതാണ്.)

പകർപ്പ് : 1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ (ആർ.ബി.)വകുപ്പ് തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം) (തുടർനടപടികൾക്കും, എൽ.എസ്.ജി.ഡി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)
3.എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. എറണാകുളം ജില്ലയിലെ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് സെക്രട്ടറിമാക്കും.
5.(എ) ഷാജി .കെ എ ,കാരുവിള്ളി വീട് ,പെരുമാനി ,വെങ്ങോല പെരുമ്പാവൂർ എറണാകുളം -683556
6(ബി) സഫീർ.കെ എ ,കാരുവിള്ളി വീട് ,പെരുമാനി ,വെങ്ങോല പെരുമ്പാവൂർ എറണാകുളം -683556

7(സീ) ദിനു പോൾ ,കണ്ടനാടൻ വീട്,വളയൻ ചിറങ്ങര ,
പെരുമ്പാവൂർ എറണാകുളം -683556
8(ഡി) ദീപു പോൾ ,കണ്ടനാടൻ വീട്,വളയൻ ചിറങ്ങര ,
പെരുമ്പാവൂർ എറണാകുളം -683556